**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 493** **08-06-2021 - ൽ മറുപടിയ്ക്ക്**

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക വൈകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **Shri. V. N. Vasavan**<br>**(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക കൊടുക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | എടച്ചേരി സബ് രജിസ്ട്രാറാഫീസ് കെട്ടിടത്തിന്റെ 10/03/2015 തീയതി വരെയുള്ള വാടക നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് 20/12/2014-ൽ പ്രസ്തുത കെട്ടിടത്തിന്റെ വാടക, 29/03/2012 തീയതി മുതൽ മുൻകാലപ്രാബല്യത്തോടെ 6269/- രൂപയായി പുതുക്കി നിശ്ചയിക്കുകയുണ്ടായി. ഇപ്രകാരം വാടക പുതുക്കി നിശ്ചയിച്ചപ്പോൾ 172/- രൂപയുടെ കുറവുണ്ടായി. 10/03/2015 തീയതിക്ക് ശേഷം കെട്ടിട ഉടമ വാടക കരാർ തയ്യാറാക്കി നൽകുകയോ, നിലവിലുള്ള പ്രതിമാസ വാടക സ്വീകരിക്കാം എന്നുള്ള സമ്മതപത്രമോ നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച വാടക സ്വീകരിച്ചുകൊണ്ട് പാട്ടക്കരാർ തയ്യാറാക്കുന്നതിന് കെട്ടിട ഉടമ വരുത്തുന്ന കാലതാമസമാണ് വാടക കുടിശ്ശിക ആകുന്നതിന് ഇടയാക്കിയത്. |
| (ബി) | നിലവിൽ നൽകേണ്ടതായ വാടക ഉടൻ കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ക്രമപ്രകാരമുള്ള അപേക്ഷ കെട്ടിട ഉടമ സമർപ്പിക്കുന്ന മുറയ്ക്ക് വാടക അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ